# നവ വർഷത്തിൽ അഖണ്ഡ മഹാദാനിയും, അഖണ്ഡ നിർവിഘ്നരും, അഖണ്ഡ യോഗിയും സദാ സഫലത മൂർത്തിയുമാകണം.

ഇന്ന് ബാപ്ദാദ തനിക്ക് മുന്നിൽ ഡബിൾ സഭയാണ് കാണുന്നത്. ഒന്ന് സകാരത്തിൽ സന്മുഖത്തിരിക്കുന്നവർ രണ്ടാമത്തേത് ദൂരെയിരിക്കുന്നവരും ഹൃദയത്തിന്റെ സമീപത്ത് കാണപ്പെടുന്നു. രണ്ട് സഭയിലെയും ശ്രേഷ്ഠ ആത്മാക്കളുടെ മസ്തകത്തിൽ ആത്മദീപം പ്രകാശിക്കുന്നുണ്ട്. തിളങ്ങിക്കൊണ്ടിരിക്കുന്ന ദൃശ്യം എത്ര സുന്ദരമായതാണ്. ഇത്രയുംപേർ എല്ലാം ഏക സങ്കല്പം, ഏകരസസ്ഥിതിയിൽ സ്ഥിതി ചെയ്ത് പരമാത്മാവിന്റെ സ്നേഹത്തിൽ ലൗലീനരായി ഏകാഗ്രമായ ബുദ്ധിയോടെ സ്നേഹത്തിൽ ലയിച്ചിരിക്കുന്നത് കാണാൻ എത്ര പ്രീയങ്കരമാണ്. നിങ്ങൾ എല്ലാവരും ഇന്ന് വിശേഷമായും പുതിയ വർഷം ആഘോഷിക്കുന്നതിനായി എത്തിചേർന്നതാണ്. ബാപ്ദാദയും എല്ലാ കുട്ടികളുടെയും ഉന്മേഷവും ഉത്സാഹവും കണ്ട്, തിളങ്ങിക്കൊണ്ടിരിക്കുന്ന ആത്മദീപം കണ്ട് ഹർഷിതമാകുന്നു.

ഇന്നത്തെ ദിവസം സംഗമത്തിന്റെ ദിനമാണ്. പഴയ ഒരു വർഷത്തിന്റെ വിടപറയൽ ആണ്, വരാൻ പോകുന്ന നവവർഷത്തിന് ആശംസകൾ നൽകാൻ പോകുന്നു.പുതിയ വർഷത്തിന്റെ അർത്ഥമാണ് പുതിയ ഉന്മേഷവും ഉത്സാഹവും, സ്വപരിവർത്തനത്തിന്റെ ഉത്സാഹമുണ്ട്, സർവ പ്രാപ്തികളും സ്വയത്തിന് പ്രാപ്തമാകുന്നത് കണ്ട് ഹൃദയത്തിൽ ഉത്സാഹം ഉണ്ട്.ലോകത്തിലുള്ളവർ ഈ ഉത്സവം ആഘോഷിക്കുന്നുണ്ട്, അവർക്ക് ഉത്സവം ഒരു ദിവസത്തിന്റേതാണ്, നിങ്ങൾ ഭാഗ്യശാലികളും, സ്നേഹികളുമായ കുട്ടികൾക്ക് സംഗമയുഗത്തിന്റെ ഓരോ ദിവസവും ഉത്സവമാണ്, എന്തെന്നാൽ സന്തോഷത്തിന്റെ ഉത്സാഹമുണ്ട്. ലോകത്തിലുള്ളവർ അണഞ്ഞിരിക്കുന്ന ദീപം പ്രകാശിപ്പിച്ച് വർഷം ആഘോഷിക്കുന്നു, ബാപ്ദാദയും നിങ്ങളും നാനാഭാഗത്തുമുള്ള ഇത്രയും പ്രകാശിക്കുന്ന ദീപങ്ങളോടൊപ്പം നവർഷത്തിന്റെ ഉത്സവം ആഘോഷിക്കുകയാണ്. ഇതെല്ലാം ആചാരങ്ങൾ ആഘോഷിക്കുന്നതിനായി നിമിത്തമായി ചെയ്യുന്നതാണ്, നിങ്ങൾ എല്ലാവരും പ്രകാശിക്കുന്ന ദീപങ്ങളാണ്. തന്റെ പ്രകാശിക്കുന്ന ദീപം കാണപ്പെടുന്നുണ്ടോ! ഇത് അവിനാശിയായ ദീപമാണ്.

പുതിയ വർഷത്തിൽ ഓരോരുത്തരും ഹൃദയത്തിൽ സ്വയത്തത്തിനു വേണ്ടിയും വിശ്വത്തിലെ ആത്മാക്കൾക്ക് വേണ്ടിയും ഏതെങ്കിലും പുതിയ പ്ലാൻ തയ്യാറാക്കിയോ? 12 മണിക്ക് ശേഷം പുതിയ വർഷം ആരംഭിക്കും. ഈ പുതിയ വർഷം വിശേഷമായി ഏത് രൂപത്തിൽ ആഘോഷിക്കും? പഴയ വർഷം വിടപറയുമ്പോൾ നിങ്ങൾ എല്ലാവരും പഴയ സങ്കൽപം, പഴയ സംസ്ക്കാരം അതിനെല്ലാം വിടനൽകാനുള്ള സങ്കൽപം എടുത്തോ? വർഷത്തിനോടൊപ്പം നിങ്ങളും പഴയതിനു വിട നൽകി പുതിയ ഉന്മേഷത്തിന്റെയും ഉത്സാഹത്തിന്റെയും സങ്കൽപ്പങ്ങൾ പ്രാക്ടിക്കലിൽ കൊണ്ട് വരുമല്ലോ! അപ്പോൾ തന്റെ ഉള്ളിൽ എന്ത് നവീനത കൊണ്ട് വരുമെന്ന് ചിന്തിക്കൂ? പുതിയ ഉന്മേഷത്തിന്റെയും ഉത്സാഹത്തിന്റെയും ഏത് അലകൾ വ്യാപിപ്പിക്കും? ഏത് വിശേഷ സങ്കല്പത്തിന്റെ വൈബ്രേഷൻ വ്യാപിപ്പിക്കും? ചിന്തിച്ചിട്ടുണ്ടോ? നിങ്ങൾ ബ്രാഹ്മണർ വിശ്വത്തിലെ ആത്മാക്കളുടെ പരിവർത്തനത്തിനു നിമിത്തമായ ആത്മാക്കളാണ്.വിശ്വത്തിന്റെ അടിസ്ഥാനമാണ്, പൂർവ്വജരാണ്, പൂജ്യരാണ്.ഈ വർഷം തന്റെ ശ്രേഷ്ഠ വൃത്തിയിലൂടെ ഏത് വൈബ്രേഷനാണ് വ്യാപിപ്പിക്കുന്നത്? ഏതുപോലെ പ്രകൃതി ചിലപ്പോൾ ചൂടിന്റെ, ചിലപ്പോൾ തണുപ്പിന്റെ, ചിലപ്പോൾ വസന്തത്തിന്റെ വൈബ്രേഷൻ വ്യാപിപ്പിക്കുന്നു. നിങ്ങൾ പ്രകൃതിയുടെ അധികാരികൾ പ്രകൃതിജീത്ത് ഏത് വൈബ്രേഷനാണ് വ്യാപിപ്പിക്കുന്നത്?അതിലൂടെ ആത്മാക്കൾക്ക് കുറച്ച് സമയത്തേക്ക് സുഖത്തിന്റെയും സന്തോഷത്തിന്റെയും അനുഭവം ഉണ്ടാകും. ഇതിനുവേണ്ടി ബാപ്ദാദ ഈ സൂചനയാണ് നൽകുന്നത്, ഏതെല്ലാം ഖജനാവുകൾ പ്രാപ്തമായോ ആ ഖജനാവുകളെ സഫലമാക്കൂ സഫലത സ്വരൂപമാകൂ. പ്രത്യേകിച്ച് സമയത്തിന്റെ ഖജനാവ് ഒരിക്കലും വ്യർത്ഥമാകരുത്. ഒരു സെക്കന്റും വ്യർത്ഥമാകാതെ കാര്യത്തിൽ ഉപയോഗിക്കൂ. സമയം സഫലമാക്കൂ, ഓരോ ശ്വാസവും സഫലമാകൂ, ഓരോ സങ്കല്പവും സഫലമാകൂ, ഓരോ ശക്തിയും സഫലമാക്കൂ, ഓരോ ഗുണവും സഫലമാക്കൂ. സഫലത മൂർത്തിയാകുന്നതിന്റെ ഈ വിശേഷ വർഷം ആഘോഷിക്കൂ, സഫലത നിങ്ങളുടെ ജന്മസിദ്ധ അധികാരമാണ്. ആ അധികാരത്തെ കാര്യത്തിൽ ഉപയോഗിച്ച് സഫലത മൂർത്തിയാകൂ, ഇപ്പോഴത്തെ സഫലത അനേക ജന്മങ്ങളിൽ നിങ്ങളുടെ കൂടെയുണ്ടാകും.നിങ്ങളുടെ സമയത്തിന്റെ സഫലതയുടെ പ്രാപ്തിയായി അരകല്പം മുഴുവൻ സഫലതയുടെ ഫലം പ്രാപ്തമായിക്കൊണ്ടിരിക്കും. ഇപ്പോഴത്തെ സമയത്തിന്റെ സഫലതയുടെ ഭാഗ്യം മുഴുവൻ സമയവും പ്രാപ്തമായിക്കൊണ്ടിരിക്കും. ശ്വാസം സഫലമാക്കുന്നതിലൂടെ ഭാവിയിൽ നിങ്ങളുടെ ശ്വാസത്തിന്റെ സഫലതയുടെ ഫലമായി എല്ലാ ആത്മാക്കളും മുഴുവൻ സമയവും ആരോഗ്യവാന്മാരായിരിക്കുന്നത്

കാണാം. രോഗത്തിന്റെ പേര്പോലും ഉണ്ടാകില്ല.ഡോക്ടർമാരുടെ വിഭാഗം ഉണ്ടാകില്ല, ഡോക്ടേഴ്സ് എന്തായി മാറും, രാജാവാകുമല്ലേ! വിശ്വത്തിന്റെ അധികാരിയായി മാറും. ഈ സമയത്ത് നിങ്ങൾ ശ്വാസം സഫലമാകുന്നു, സർവ്വ ആത്മാക്കൾക്കും ആരോഗ്യവാന്മാരായിരിക്കുന്നതിന്റെ ഭാഗ്യം പ്രാപ്തമാകുന്നു.അതുപോലെയാണ് ജ്ഞാനത്തിന്റെ ഖജനാവ്, ഫലസ്വരൂപമായി സ്വർഗ്ഗത്തിൽ നിങ്ങൾ സ്വന്തം രാജ്യത്തിൽ അത്രയും വിവേകശാലികളും, ശക്തരും ആകുന്നു അതിനാൽ അവിടെ ഏതെങ്കിലും മന്ത്രിയുടെ നിർദ്ദേശം തേടേണ്ട ആവശ്യമില്ല. സ്വയം തിരിച്ചറിവുള്ളവരും ശക്തിശാലികളുമാകും.ശക്തികളെ സഫലമാകുന്നു, അതിന്റെ പ്രാപ്തിയായി അവിടെ സർവ്വ ശക്തികളും, വിശേഷമായി ധർമ്മത്തിന്റെ ശക്തി, രാജ്യ അധികാരം, രണ്ടു വിശേഷ ശക്തികളും, അധികാരവും അവിടെ പ്രാപ്തമാകും. ഗുണങ്ങളുടെ ഖജനാവ് സഫലമാകുകയാണെങ്കിൽ അതിന്റെ പ്രാപ്തിയാണ് ദേവത പദവിയുടെ അർത്ഥമാണ് ദിവ്യഗുണധാരി ഒപ്പം ഇപ്പോൾ അന്തിമ ജന്മത്തിൽ നിങ്ങളുടെ ജഡ മൂർത്തിയെ പൂജിക്കുമ്പോൾ എന്ത് മഹിമയാണ് ചെയുന്നത്? സർവ്വഗുണസമ്പന്നർ. ഈ സമയത്തെ സഫലതയുടെ ഭാഗ്യം സ്വതവേ പ്രാപ്തമാകുന്നു, അതിനാൽ പരിശോധിക്കൂ, ഖജനാവുകൾ കിട്ടി, ഖജനാവുകളാൽ സമ്പന്നരായി, എന്നാൽ സ്വയത്തിനുവേണ്ടിയും, വിശ്വത്തിനു വേണ്ടിയും എത്രത്തോളം സഫലമാക്കി?പഴയ വർഷത്തിന് വിട നൽകുമ്പോൾ പഴയ വർഷത്തിൽ സമ്പാദിച്ച ഖജനാവ് സഫലമാക്കിയോ, എത്രത്തോളം ആക്കി? ഇത് പരിശോധിക്കണം വരാൻ പോകുന്ന വർഷത്തിൽ ഈ ഖജനാവുകൾ വ്യർത്ഥമാക്കുന്നതിനു പകരം സഫലമാക്കണം. ഒരു സെക്കന്റ് പോലും ഒരു ഖജനാവ് പോലും വ്യർത്ഥമാകരുത്. ആദ്യം തന്നെ പറഞ്ഞതാണ് സംഗമത്തിലെ സമയം ഓരോ സെക്കന്റും, സെക്കന്റല്ല, വർഷത്തിന് സമാനമാണ്. അങ്ങനെ കരുതരുത് ഒരു സെക്കന്റ് പോയി, ഒരു മിനിട്ടാണല്ലോ നഷ്ടമായത്, വ്യർത്ഥമാകുന്നതിനെയാണ് അലസത എന്ന് പറയുന്നത്. നിങ്ങൾ എല്ലാവരുടെയും ലക്ഷ്യമാണ് ബ്രഹ്മാബാബയ്ക്ക് സമാനം സമ്പന്നവും സമ്പൂർണ്ണവുമാകണം. ബ്രഹ്മബാബയും സർവ്വ ഖജനാവുകളും ആദിമുതൽ അന്തിമ ദിനം വരെയും സഫലമാക്കി, ഇതിന്റെ പ്രത്യക്ഷ തെളിവ് നോക്കൂ സമ്പൂർണ്ണ ഫരിശ്ത ആയിമാറി. നമ്മുടെ പ്രീയപ്പെട്ട ദാദിയേയും കണ്ടു സഫലമാക്കി മറ്റുള്ളവർക്കും സദാ സഫലമാക്കുന്നതിനുള്ള ഉന്മേഷവും ഉത്സാഹവും വർധിപ്പിച്ചു. ഡ്രാമയനുസരിച്ച് വിശേഷമായി വിശ്വസേവനത്തിന്റെ അലൗകീക പാർട്ടിന് നിമിത്തമായി.
ഈ വർഷത്തിൽ നാളെ മുതൽ ദിവസവും തന്റെ ചാർട്ട് വയ്ക്കണം സഫലമായത്, വ്യർത്ഥമായത് . . . എന്തായി എത്രമാത്രം ആയി? അമൃതവേളയിൽ തന്നെ ദൃഢസങ്കല്പം ചെയ്യണം, സ്മൃതി സ്വരൂപമാകണം സഫലത എന്റെ ജന്മസിദ്ധ അധികാരമാണ്. സഫലത എന്റെ കഴുത്തിലെ ഹരമാണ്. സഫലതയുടെ സ്വരൂപം തന്നെ സമാനമാകുന്നതാണ്. ബ്രഹ്മാബാബയോട് സ്നേഹമുണ്ടല്ലോ. ബ്രഹ്മാബാബയ്ക്ക് ഏറ്റവും കൂടുതൽ സ്നേഹം ആരോടായിരുന്നു? അറിയാമോ ആരോടായിരുന്നു? മുരളിയോട്. അവസാനത്തെ ദിവസവും മുരളിയുടെ പഠനം മുടക്കിയില്ല. സമാനമാകുന്നതിൽ ഇത് പരിശോധിക്കണം ബ്രഹ്മാബാബയ്ക്ക് ആരോടാണോ സ്നേഹമുണ്ടായിരുന്നത്, ബ്രഹ്മാബാബയോടുള്ള സ്നേഹത്തിന്റെ തെളിവാണ് ബാബയ്ക്ക് ഏതിനോടാണോ സ്നേഹമുണ്ടായിരുന്നത് അതിനോട് എനിക്ക് സ്വതവേ സഹജമായി സ്നേഹമുണ്ടാകണം. ബ്രഹ്മബാബയുടെ വേറെ വിശേഷതകൾ എന്തായിരുന്നു? സദാ അലർട്ട്, അലസത ഉണ്ടായിരുന്നില്ല. അവസാന ദിവസവും എത്ര ജാഗ്രതയോടെ തന്റെ സേവനത്തിന്റെ പാർട്ട് അഭിനയിച്ചു. ശരീരം ദുർബലമായിരുന്നിട്ടും എങ്ങനെ ജാഗ്രതയോടെയിരുന്നു, ആധാരം എടുത്തില്ല, എല്ലാവരെയും അലേർട്ടാക്കിയിട്ട് പോയി. മൂന്നു കാര്യങ്ങളുടെ മന്ത്രം നൽകിയിട്ട് പോയി. എല്ലാവർക്കും ഓർമ്മയുണ്ടല്ലോ.ആര് എത്രത്തോളം അലേർട്ട് ആയിരിക്കുന്നോ, ഫോളോ ചെയ്യുന്നോ അലസത സമാപ്തമാകും. അലസതയുടെ വിശേഷമായ വാക്ക് ബാപ്ദാദ ധാരാളം കേട്ടുകൊണ്ടിരിക്കുന്നതാണ്. അറിയാമല്ലോ! ഈ മൂന്നു വാക്കുകളെ (നിരാകരി, നിർവികാരി, നിരാഹങ്കാരി)സദാ സ്വന്തം മനസ്സിൽ ആവർത്തിയ്ക്കുകയും മനസിലാക്കുകയും ചെയ്തുകൊണ്ടിരുന്നാൽ സ്വാഭാവികമായി സഹജമായി സ്വതവേ സമാനരായി മാറും. ഒരു കാര്യം മാത്രമാണ് സഫലമാക്കൂ, സഫലത മൂർത്തിയാകൂ.
ബാപ്ദാദ കുട്ടികളുടെ വർഷത്തിന്റെ റിസൾട്ട് നോക്കി. എന്താണ് കണ്ടത്? മഹാദാനി ആയി, എന്നാൽ അഖണ്ഡ മഹാദാനിയും, അഖണ്ഡം എന്നതിന് അടിവരയിടൂ, അഖണ്ഡ മഹാദാനി, അഖണ്ഡ യോഗി, അഖണ്ഡമായി നിർവിഘ്നമായിരിക്കുന്നവർ, ഇപ്പോൾ ഇതിന്റെ ആവശ്യമാണുള്ളത്. അഖണ്ഡമാക്കാൻ കഴിയുമോ? സാധിക്കുമോ?
ആദ്യത്തെ വരിയിലിരിക്കുന്നവർ പറയൂ അഖണ്ഡമാക്കാൻ കഴിയുമോ?സാധിക്കുമെങ്കിൽ കൈ ഉയർത്തൂ. ആർക്കൊക്കെ ചെയ്യാൻ സാധിക്കും, ചെയ്യാൻ കഴിയുമോ? മധുബനിൽ ഉള്ളവരും ഉയർത്തുന്നുണ്ട്. ബാപ്ദാദ മധുബനിലുള്ളവരെയാണ് ആദ്യം നോക്കുന്നത്? മധുബാനോട് സ്നേഹം ഉണ്ടോ. ശാന്തിവനം അല്ലെങ്കിൽ പാണ്ഡവ ഭവൻ ഏതൊക്കെ ദാദിയുടെ കരങ്ങൾ ആണോ ഉള്ളത് എല്ലാവരെയും ശ്രദ്ധയോടെ നോക്കുന്നു.അഖണ്ഡമായി മാറി മനസ്സാ ശക്തി വ്യാപിപ്പിക്കുന്ന സേവനത്തിൽ ബിസിയായിരിക്കുകയാണ്, വാചാ ജ്ഞാനത്തിന്റെ സേവനത്തിലും കർമ്മത്തിലൂടെ ഗുണദാനവും, ഗുണങ്ങളുടെ സഹായോഗവും

കൊടുക്കുന്നതിന്റെ സേവനം ചെയ്യൂ.
ഇപ്പോൾ അജ്ഞാനി ആത്മാക്കളായാലും, ബ്രാഹ്മണർ ആണെങ്കിലും എല്ലാവർക്കും ഗുണങ്ങളുടെ ദാനവും, ഗുണങ്ങളുടെ സഹയോഗവും കൊടുക്കേണ്ടത് ആവശ്യമാണ്. സഹജമായി സിമ്പിൾ രൂപത്തിൽ സാമ്പിൾ ആയിരുന്നാൽ സ്വാഭാവികമായി മറ്റുള്ളവർക്ക് നിങ്ങളുടെ ഗുണമൂർത്തിയുടെ സഹയോഗം സ്വതവേ പ്രാപ്തമാകും.ഇപ്പോൾ ബ്രാഹ്മണാത്മാക്കളും സാമ്പിൾ കാണാനാണ് ആഗ്രഹിക്കുന്നത്, കേൾക്കാൻ ആഗ്രഹിക്കുന്നില്ല. പരസ്പരം എന്താണ് പറയാറുള്ളത്? ആര് ആയിട്ടുണ്ട്? പ്രത്യക്ഷരൂപത്തിൽ ഗുണമൂർത്തികളെ കാണാനാണ് ആഗ്രഹിക്കുന്നത്. കർമ്മത്തിലൂടെ വിശേഷമായി ഗുണങ്ങളുടെ സഹയോഗവും, ഗുണങ്ങളുടെ ദാനവും വേണം നൽകേണ്ടത്. ആരും കേൾക്കാൻ ആഗ്രഹിക്കുന്നില്ല, കാണാനാണ് ആഗ്രഹിക്കുന്നത്. ഇപ്പോൾ ഇത് വിശേഷമായും ശ്രദ്ധയിൽ വയ്ക്കണം ജ്ഞാനത്തിലൂടെ, വാക്കിലൂടെ സേവനം ചെയ്തുകൊണ്ടിരിക്കുന്നതാണ്, മുന്നോട്ടും ചെയ്യണം, ഉപേക്ഷിക്കരുത് പക്ഷെ ഇപ്പോൾ എനിക്ക് മനസ്സിലും കർമ്മത്തിലും, മനസ്സിൽകൂടി വൈബ്രെഷൻ വ്യാപിപ്പിക്കൂ. സകാശ് വ്യാപിപ്പിക്കൂ. വൈബ്രെഷൻ അല്ലെങ്കിൽ സകാശ് ദൂരെ ഇരുന്നും കൊടുക്കാൻ സാധിക്കും.ശുഭഭാവനയും ശുഭകാമനയിലും കൂടി മനസാ സേവനത്തിലൂടെ ഏത് ആത്മാവിനും വൈബ്രേഷനും സകാശും കൊടുക്കാൻ കഴിയും. ഇപ്പോൾ ഈ വർഷം മനസ്സാ ശക്തികളുടെ വൈബ്രേഷൻ, ശക്തികളുടെ സകാശും കർമ്മത്തിലൂടെ ഗുണങ്ങളുടെ സഹായോഗവും അജ്ഞാനികളായ ആത്മാക്കൾക്കും ഗുണങ്ങളുടെ സഹയോഗം നൽകൂ.
പുതിയ വർഷത്തിൽ സമ്മാനങ്ങളും കൊടുക്കാറുണ്ട്. ഈ വർഷം സ്വയം ഗുണമൂർത്തിയായി ഗുണങ്ങളുടെ സമ്മാനം നൽകണം. ഗുണങ്ങളുടെ ടോളി കഴിപ്പിക്കുന്നില്ലേ. ടോളി കഴിപ്പിക്കുന്നതിൽ സന്തോഷിക്കുന്നില്ലേ. പരസ്പരം കാണുമ്പോൾ ടോളി കഴിപ്പിക്കുന്നില്ലേ. എല്ലാ ആത്മാക്കളും, ഉപേക്ഷിച്ച് പോയവരും ടോളി ഓർമ്മിക്കുന്നുണ്ട്. മറ്റ് കാര്യങ്ങൾ മറന്നു പോയാലും ടോളി ഓർമ്മവരുന്നുണ്ട്. ഈ വർഷം ഏത് ടോളിയാണ് കഴിപ്പിക്കുക. ഗുണങ്ങളുടെ ടോളി കഴിപ്പിക്കണം. ഗുണങ്ങളുടെ പിക്നിക് നടത്തണം, കാരണം ബാബയ്ക്ക്സമാനം സമീപതയ്ക്കനുസരിച്ച് ദാദിയുടെ സൂചന അനുസരിച്ച് സമയത്തിന്റെ സമ്പന്നത പെട്ടെന്ന് എപ്പോൾ വേണമെങ്കിലും സംഭവിക്കാം, അതിനാൽ ബാബയ്ക്ക് സമാനമാകണമെങ്കിൽ ദാദിയ്ക്ക് സ്നേഹത്തിന്റെ റിട്ടേൺ കൊടുക്കണം, അതിനായി വേണ്ടത് മനസ്സിലും കർമ്മത്തിലും കൂടി സഹായോഗിയാകണം, ആര് എങ്ങനെയുള്ളവരായാലും ഇത് ചിന്തിക്കരുത്, ഇവർ ആകുമ്പോൾ ഞാനും ആകാം. നമ്പർ വൺ ആകണമെങ്കിൽ ഒരിക്കലും ഇത് ചിന്തിക്കരുത് ഇവർ ആകുകയാണെങ്കിൽ ഞാനും ആകാം. ഒന്നാമത്തെ നമ്പറിൽ വരുന്നവർ ആയിത്തീരും, പിന്നെ നിങ്ങളുടേത് രണ്ടാസ്ഥാനം ആകും. നിങ്ങൾ രണ്ടാസ്ഥാനം ആകാൻ ആഗ്രഹിക്കുന്നുണ്ടോ? ആരോടെങ്കിലും നിങ്ങൾ രണ്ടാസ്ഥാനം നേടൂ എന്ന് പറഞ്ഞാൽ സമ്മതിക്കുമോ? എല്ലാവരും ഇതാണ് പറയുന്നത് ഒന്നാം സ്ഥാനത്തെത്തണം. ആദ്യം നിമിത്തമാകണം. മറ്റുള്ളവരെ എന്തിന് നിമിത്തമാക്കണം, സ്വയത്തെ നിമിത്തമാക്കൂ. ബ്രഹ്മാ ബാബ എന്താണ് പറയുന്നത്? ഓരോ കാര്യത്തിലും സ്വയം നിമിത്തമായി നിമിത്തമാക്കി. ഹേ അർജ്ജുനന്റെ പാർട്ട് അഭിനയിച്ചു. എനിക്ക് നിമിത്തമാകണം. എനിക്ക് ചെയ്യണം. മറ്റുള്ളവർ ചെയ്തുകൊള്ളും, എന്നെ കണ്ടിട്ട് മറ്റുള്ളവർ ചെയ്യും, മറ്റുള്ളവരെ കണ്ടിട്ട് ഞാൻ ചെയ്യും എന്നല്ല.എന്നെ കണ്ടിട്ട് മറ്റുള്ളവർ ചെയ്യും. ഇത് ബ്രഹ്മാ ബാബയുടെ ആദ്യത്തെ പാഠമാണ്. എന്ത് ചെയ്യണമെന്ന് കേട്ടോ?സഫലത മൂർത്തി, സഫല സഫലത മൂർത്തിയും, അഖണ്ഡ ദാനിയും, മായയ്ക്ക് വരാൻ ധൈര്യമുണ്ടാകില്ല. അഖണ്ഡ മഹാദാനി ആകുമ്പോൾ നിരന്തര സേവധാരി ആയിരിക്കും, ബിസിയായിരിക്കും, മനസ്സും ബുദ്ധിയും സേവധാരിയായിരിക്കുമ്പോൾ മായ എവിടെ നിന്ന് വരും. ഇപ്പോൾ ഈ വർഷം എന്താകണം? എല്ലാവരുടെയും ഹൃദയത്തിൽ നിന്ന് ഒരു ശബ്ദം ഉയരണം, ഇതാണ് ബാപ്ദാദ ആഗ്രഹിക്കുന്നത്, അത് എന്താണ്? പ്രോബ്ലം ഒന്നുമില്ല, കംപ്ലീറ്റ്. പ്രോബ്ലം ഒന്നുമില്ല, കംപ്ലീറ്റ് ആകണം. ദൃഢ നിശ്ചയ ബുദ്ധിയോടെ വിജയ മാലയിലെ മണിയാകണം.ശരിയല്ലേ! ആകണമല്ലോ! മധുബനിൽ ഉള്ളവർ ആക്കണ്ടേ! പരാതികൾ ഒന്നുമില്ല? പരാതി ഒന്നുമില്ല.ധൈര്യം വയ്ക്കുന്നവർ കൈ ഉയർത്തൂ. പ്രോബ്ലം ഒന്നുമില്ല. ആഹാ! ആശംസകൾ, ആശംസകൾ, ആശംസകൾ.
നോക്കൂ, നിശ്ചയത്തിന്റെ പ്രത്യക്ഷ തെളിവാണ് ആത്മീയ ലഹരി.ആത്മീയ ലഹരി ഇല്ലെങ്കിൽ നിശ്ചയം ഇല്ല. മുഴുവൻ നിശ്ചയമില്ല, വളരെ കുറച്ച് ഉണ്ട്. ലഹരി വയ്ക്കുന്നത് എന്ത് വലിയ കാര്യമാണ്! എത്രകല്പങ്ങളായി നിങ്ങളാണ് ബാബയ്ക്ക് സമാനമാകുന്നത്, ഓർമ്മയുണ്ടോ? അനവധി തവണ ആയിട്ടുള്ളത്. ഈ ലഹരി വയ്ക്കണം ഞങ്ങളാണ് ആയിട്ടുള്ളത്, ഞങ്ങൾ തന്നെയാണ് നമ്മൾ തന്നെ ആവർത്തിച്ച് ചെയ്തുകൊണ്ടിരിക്കും.ഈ ലഹരി സദാ കർമ്മത്തിൽ കാണപ്പെടണം. . .സങ്കല്പത്തിലോ വാക്കിലോ അല്ല, കർമ്മത്തിൽ, കർമ്മത്തിന്റെ അർത്ഥമാണ് ചലനത്തിലും മുഖത്തിലും കാണപ്പെടണം.ഗൃഹപാഠം കിട്ടിയില്ലേ. കിട്ടിയില്ലേ. ഇപ്പോൾ കാണാം നമ്പർവാറിലാണോ വരുന്നത് അതോ നമ്പർ വൺ ആകുമോ.ശരി.

ബാപ്ദാദയുടെയടുത്ത് കാർഡ്, കത്തുകൾ, ഇമെയിൽ, സ്നേഹസ്മരണകൾ കംപ്യൂട്ടറിലൂടെയും ധാരാളം എത്തിയിട്ടുണ്ട്, ബാപ്ദാദ ദൂരെ ഇരുന്നും ഹൃദയസിംഹാസനസ്ഥരായ കുട്ടികൾക്ക്, ഓരോരുത്തർക്കും, പേര് സഹിതം, വിശേഷത സഹിതം, സ്നേഹസ്മരണകളും, ഹൃദയത്തിന്റെ ആശിർവ്വാദങ്ങളും സന്മുഖത്ത് ഇമെർജ് ചെയ്തുകൊടുക്കുന്നു. ബാപ്ദാദയ്ക്കറിയാം എല്ലാവർക്കും സ്നേഹം ഉണ്ട്. ബാപ്ദാദ സദാ അമൃതവേളയിലാണ്, വിശേഷിച്ച് ബ്രാഹ്മണാത്മാക്കൾക്ക് സ്നേഹസ്മരണകളുടെ മറുപടി വിശേഷമായി നൽകുന്നു. കാർഡുകളും വളരെ നല്ലതായി ഉണ്ടാക്കിയിരിക്കുന്നുണ്ട്, ഇവിടെ (സ്റ്റേജിൽ)വയ്ക്കുന്നുണ്ട് ബാപ്ദാദയുടെയടുത്ത് വതനത്തിൽ ആദ്യമേ എത്തിച്ചേർന്നു.ശരി.

നാനാഭാഗത്തേയും പ്രകാശിക്കുന്ന ആത്മദീപങ്ങളായ കുട്ടികൾക്ക്, സദാ സഫലമാക്കുന്ന സഫലത സ്വരൂപമായ കുട്ടികൾക്ക്, സദാ അഖണ്ഡ മഹാദാനിയും, അഖണ്ഡ നിർവിഘ്നരും, അഖണ്ഡ ജ്ഞാന യോഗയുക്തരും, സദാ ഒരേ സമയത്ത് മൂന്ന് സേവനങ്ങളും ചെയ്യുന്ന മനസ്സാ വൈബ്രെഷനിൽ കൂടി വായുമണ്ഡലത്തിലൂടെ, വാചാ വാണിയിലൂടെ, ചലനത്തിലും മുഖത്തിലും കർമ്മത്തിലും കൂടി മൂന്ന് സേവനവും ഒരേ സമയത്ത് ഒന്നിച്ച് നടക്കണം അപ്പോൾ നല്ലതെന്നു പറയുന്നവർ അല്ല, നല്ലതാകുന്നവരുടെ മേൽ നിങ്ങളുടെ പ്രഭാവം ഉണ്ടാകും. അങ്ങനെയുള്ള അനുഭവി മൂർത്തിയിലൂടെ അനുഭവം ചെയ്യിപ്പിക്കുന്ന കുട്ടികൾക്ക് ബാപ്ദാദയുടെ പുതിയ വർഷത്തിലേക്കുള്ള കോടി കോടി മടങ്ങ് സ്നേഹസ്മരണകളും, ആശിർവ്വാദങ്ങളും, ഹൃദയത്തിന്റെ സിംഹാസനത്തിൽ സദാ സിംഹാസനസ്ഥരാകുന്നവർക്ക്, നാനാഭാഗത്തേയും കുട്ടികൾക്ക്, ആരാണോ സന്മുഖത്തിരിക്കുന്നത്, ദൂരെയിരുന്നും ഹൃദയ സിംഹാസനത്തിൽ ഇരിക്കുന്നവർക്ക്, എല്ലാവർക്കും പേരും വിശേഷതയും സഹിതം, സ്നേഹ സ്മരണകളും നമസ്തേയും.

ശരി ആരൊക്കെയാണ് ആദ്യത്തെ തവണ വന്നവർ എഴുന്നേറ്റ് നിൽക്കൂ.കൈ വീശൂ. നോക്കൂ പകുതി ക്ളാസും ആദ്യത്തെ തവണ വന്നവരാണ്.പുറകിലിരിക്കുന്നവർ കൈ വീശൂ. ടി.വി.യിൽ കാണുന്നുണ്ട്. ധാരാളം പേര് ഉണ്ട്. ശരി. ആദ്യത്തെ പ്രാവശ്യം വരുന്നവർക്ക് വളരെയധികം ബാപ്ദാദയുടെ ഹൃദയത്തിൽ നിന്നും ആശംസകൾ ഉണ്ട്, ഹൃദയത്തിൽ നിന്നുള്ള സ്നേഹസ്മരകണളും ഉണ്ട്. ഇപ്പോൾ വന്നവരാണ്, ഇപ്പോൾ വന്നവർക്ക് ബാപ്ദാദയുടെ വരദാനമാണ് അമർ ഭവ.

## വരദാനം:- ഗ്ലാനി ചെയ്യുന്നവർക്കും ഗുണമാല അണിയിക്കുന്ന ഇഷ്ട ദേവ മഹാത്മാവായി ഭവിക്കട്ടെ.

ഏതുപോലെ ഇപ്പോൾ വിശേഷ ആത്മാക്കളായ നിങ്ങളുടെ സ്വാഗതം ചെയ്യുമ്പോൾ ചിലർ കഴുത്തിൽ സ്ഥൂലമായ മാല ഇടുന്നു, അപ്പോൾ നിങ്ങൾ ഇടുന്നവരുടെ കഴുത്തിലേക്ക് തിരികെ ഇടുന്നു, അതുപോലെ ഗ്ലാനി ചെയുന്നവർക്കും നിങ്ങൾ ഗുണമാല അണിയിക്കൂ, അപ്പോൾ സ്വതവേ നിങ്ങൾക്ക് ഗുണമാല തിരിച്ച് നൽകും. ഗ്ലാനി ചെയ്യുന്നവർക്ക് ഗുണമാല അണിയിക്കണം, അർത്ഥമാണ് ജന്മജന്മങ്ങളിലേക്ക് ഭക്തനെ നിശ്ചിതമാക്കുക. ഈ നൽകുന്നതാണ് അനേകപ്രാവശ്യം നേടുന്നത് ആയിമാറുന്നത്. ഈ വിശേഷതയാണ് ഇഷ്ട ദേവനും, മഹാൻ ആത്മാവും ആക്കുന്നത് .

## സ്ലോഗൻ:- തന്റെ മനസ്സാ വൃത്തി നല്ല ശക്തിശാലിയാക്കൂ മോശമായതും നല്ലതായി മാറും.

**അവ്യക്ത സൂചന- അശരീരിയുടെയും വിദേഹി സ്ഥിതിയുടെയും അഭ്യാസം വർധിപ്പിക്കൂ.**
നാനാഭാഗത്തും എത്ര കാര്യങ്ങളുടെ പിടിവലി ഉണ്ടെങ്കിലും, ബുദ്ധി സേവനത്തിന്റെ കാര്യത്തിൽ വളരെ ബിസിയായിരിക്കണം അങ്ങനെയുള്ള സമയത്ത് അശരീരിയാകുന്നതിന്റെ അഭ്യാസം ചെയ്ത് നോക്കൂ. ഒരിക്കലും യഥാർത്ഥ സേവനത്തിന്റെ ബന്ധനം ഉണ്ടാകില്ല, യോഗയുക്തവും, യുക്തിയുക്തവുമായ സേവധാരികൾ സേവനം ചെയ്യുമ്പോഴും സദാ ഉപരാമമായിരിക്കുന്നു.സേവനം കൂടുതലായതിനാൽ ഇപ്പോൾ അശരീരി ആകാൻ കഴിയില്ല എന്നല്ല. ഓർമ്മയിൽ വയ്ക്കൂ എന്റെ സേവനം അല്ല, ബാബ നൽകിയതാണ് എങ്കിൽ നിർബന്ധനരായിരിക്കും.